## മധുരമായ കുട്ടികളേ – നിങ്ങൾ ജ്ഞാനം വർഷിച്ച് ഹരിതാഭമാക്കുന്നവരാണ്, നിങ്ങൾക്ക് ധാരണ ചെയ്യുകയും ചെയ്യിപ്പിക്കുകയും വേണം.

**ചോദ്യം –** മഴ പെയ്യിക്കാത്ത മേഘങ്ങൾക്ക് എന്തു പേരാണ് നൽകേണ്ടത്?
**ഉത്തരം –** അവരാണ് മടിയരായ മേഘങ്ങൾ. മിടുക്കരായ മേഘങ്ങൾ മഴ പെയ്യിച്ചുകൊണ്ടിരിക്കും. അഥവാ ധാരണയുണ്ടെങ്കിൽ പെയ്യിക്കാതിരിക്കുവാൻ സാധിക്കില്ല. ആരാണോ ധാരണ ചെയ്ത് മറ്റുള്ളവരെക്കൊണ്ട് ചെയ്യിക്കാത്തത് അവരുടെ വയറ് ഒട്ടിയതായിരിക്കും, അവർ ദരിദ്രരാണ്. അവർ പ്രജയിലേക്ക് പോകുന്നവരാണ്.

**ചോദ്യം –** ഓർമ്മയുടെ യാത്രയിലുള്ള മുഖ്യമായ പ്രയത്നം ഏതാണ്?
**ഉത്തരം –** സ്വയം ആത്മാവാണെന്നു മനസ്സിലാക്കി ബാബയെ ബിന്ദു രൂപത്തിൽ ഓർമ്മിക്കുക. ബാബ എന്താണോ എങ്ങനെയാണോ അതേ സ്വരൂപത്തിൽ യഥാർത്ഥ രീതിയിൽ ഓർമ്മിക്കുക, ഇതിൽ തന്നെയാണ് പ്രയത്നം.

**ഗീതം –** ആരാണോ അച്ഛന്റെ കൂടെ അവർക്കാണ് ജ്ഞാനമഴ............

**ഓംശാന്തി**. സാഗരത്തിന്റെ മുകളിലാണ് മേഘങ്ങൾ നിൽക്കുന്നത്, എങ്കിൽ മേഘങ്ങളുടെ അച്ഛൻ സാഗരനാണ്. സാഗരത്തിനോടൊപ്പമുള്ള മേഘങ്ങൾക്ക് വേണ്ടിത്തന്നെയാണ് മഴ. മറ്റുള്ള മേഘങ്ങളും വെള്ളം നിറച്ച് പിന്നീട് പെയ്യിക്കുന്നു. നിങ്ങളും ബാബയാകുന്ന സാഗരത്തിന്റെ അടുത്തേക്ക് വരുന്നത് നിറയ്ക്കുന്നതിനായാണ്. സാഗരന്റെ മക്കൾ തന്നെയാണ് മേഘങ്ങൾ, അവർ മധുരമായ വെള്ളം സാഗരത്തിൽ നിന്നും വലിച്ചെടുക്കുന്നു. മേഘങ്ങളും അനേകപ്രകാരത്തിലുണ്ട്. ചില മേഘങ്ങൾ വളരെ ശക്തമായിത്തന്നെ മഴ പെയ്യിക്കുന്നു. വെള്ളപ്പൊക്കം ഉണ്ടാക്കുന്നു, ചിലർ കുറച്ചുമാത്രമേ മഴപെയ്യിക്കൂ. നിങ്ങളിലും ഇതുപോലെ നമ്പർവൈസാണ് നല്ല രീതിയിൽ മഴ പെയ്യിക്കുന്നവരുടെ പേരാണ് പ്രശസ്തമാവുക. ധാരാളം മഴ പെയ്യുമ്പോൾ മനുഷ്യർ സന്തോഷിക്കാറുണ്ട്. ഇവിടെയും അങ്ങനെത്തന്നെയാണ്. നല്ല രീതിയിൽ മഴ പെയ്യിക്കുന്നവരുടെ മഹിമയാണുണ്ടാകുന്നത്. ആരാണോ മഴ പെയ്യിക്കാത്തത് അവരുടെ മനസ്സ് അലസമായിരിക്കും, വയറു നിറയുകയില്ല. പൂർണ്ണ രീതിയിൽ ധാരണയുണ്ടാകാത്തതു കാരണം വയറ് ഒട്ടിയിരിക്കുന്നു. ക്ഷാമമുണ്ടാകുമ്പോൾ മനുഷ്യരുടെ ഉദരം ഒട്ടിപ്പോകുന്നു അതായത് കാലിയാകുന്നു. ഇവിടെയും അതുപോലെത്തന്നെ സ്വയം ധാരണ ചെയ്ത് ചെയ്യിപ്പിച്ചില്ലെങ്കിൽ ബുദ്ധി ശൂന്യമാകുന്നു. വളരെ നല്ലരീതിയിൽ മഴ പെയ്യിക്കുന്നവർ രാജാ–റാണിയായിത്തീരുന്നു മറ്റുള്ളവർക്ക് സാധാരണ പദവിയും ലഭിക്കുന്നു. ദരിദ്രരുടെ വയറ് ഒട്ടിയിരിക്കുന്നു. അപ്പോൾ കുട്ടികൾക്ക് വളരെയധികം നല്ല രീതിയിൽ ധാരണയുണ്ടായിരിക്കണം. ഇതിലും ആത്മാവിന്റെയും പരമാത്മാവിന്റെയും ജ്ഞാനം വളരെയധികം സഹജമാണ്. നിങ്ങൾ ഇപ്പോൾ മനസ്സിലാക്കുന്നു നമ്മളിൽ ആത്മാ പരമാത്മാ ജ്ഞാനം ആദ്യം ഉണ്ടായിരുന്നില്ല. അപ്പോൾ വയറ് ഒട്ടിയതിനു സമാനമല്ലേ. മുഖ്യമായും ആത്മാവിന്റെയും പരമാത്മാവിന്റെയും കാര്യമാണ്. മനുഷ്യർക്ക് ആത്മാവിനെക്കുറിച്ചു തന്നെ അറിയുന്നില്ല എങ്കിൽ പിന്നെ പരമാത്മാവിനെക്കുറിച്ച് എന്ത് അറിയാനാണ്. എത്ര വലിയ വലിയ വിദ്വാന്മാരും പണ്ഡിതന്മാരുമുണ്ട് ആർക്കും തന്നെ ആത്മ ജ്ഞാനമില്ല. ഇപ്പോൾ നിങ്ങൾക്ക് മനസ്സിലായി ആത്മാവ് അവിനാശിയാണ്, ആത്മാവിൽ 84 ജന്മങ്ങളുടെ അവിനാശിയായ പാർട്ട് അടങ്ങിയിട്ടുണ്ട്. ആ പാർട്ട് അഭിനയിച്ചുകൊണ്ടിരിക്കുന്നു. ആത്മാവ് അവിനാശി എങ്കിൽ പാർട്ടും അവിനാശിയാണ്. ആത്മാവ് എങ്ങനെയാണ് ആൾറൗണ്ട് പാർട്ട് അഭിനയിക്കുന്നത് എന്നതിനെക്കുറിച്ച് ആർക്കും തന്നെ അറിയുന്നില്ല. മറ്റുള്ളവർ ആത്മാവ് തന്നെ പരമാത്മാവ് എന്നു പറയുന്നു. നിങ്ങൾ കുട്ടികൾക്ക് ആദി മുതൽക്ക് അന്തിമം വരെയുള്ള മുഴുവനും ജ്ഞാനവുമുണ്ട്. മറ്റുള്ളവർ ഡ്രാമയുടെ ആയുസ്സ് തന്നെ ലക്ഷക്കണക്കിനു വർഷങ്ങളെന്നു പറയുന്നു. ഇപ്പോൾ നിങ്ങൾക്ക് മുഴുവൻ ജ്ഞാനവും ലഭിച്ചിട്ടുണ്ട്. നിങ്ങൾക്കറിയാം ബാബയാൽ രചിക്കപ്പെട്ടിട്ടുള്ള ഈ ജ്ഞാനയജ്ഞത്തിൽ മുഴുവൻ ലോകവും സ്വാഹാ ആയിത്തീരണം. അതുകൊണ്ടാണ് ബാബ പറയുന്നത് ദേഹസഹിതം എന്തെല്ലാമുണ്ടോ അതു മുഴുവനും മറക്കണം. സ്വയം ആത്മാവാണെന്നു മനസ്സിലാക്കണം. ബാബയെയും ശാന്തിധാമത്തെയും അതായത് മധുരമായ വീടിനെയും ഓർമ്മിക്കണം. ഇത് ദു:ഖധാമമാണ്. നിങ്ങൾ കുട്ടികളിലും നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ചു മാത്രമേ മനസ്സിലാക്കുവാൻ സാധിക്കൂ. ഇപ്പോൾ നിങ്ങൾ ജ്ഞാനത്താൽ നിറഞ്ഞവരാണ്. ബാക്കി മുഴുവൻ പരിശ്രമവും ഓർമ്മയിലാണ്. ജന്മജന്മാന്തരത്തിലെ ദേഹാഭിമാനത്തെ

ഇല്ലാതാക്കി ദേഹിഅഭിമാനിയായിത്തീരണം, ഇതിന് വളരെ പ്രയത്നമുണ്ട്. പറയാൻ വളരെ എളുപ്പമാണ് പക്ഷെ സ്വയത്തെ ആത്മാവെന്ന് മനസ്സിലാക്കി ബാബയെ ബിന്ദുരൂപത്തിൽ ഓർമ്മിക്കണം, ഇതിലാണ് പ്രയത്നം. ബാബ പറയുന്നു ഞാൻ എന്താണ് ഏതുപോലെയാണ് ആ രീതിയിൽ എന്നെ ഓർമ്മിക്കുവാൻ ബുദ്ധിമുട്ടാണ്. ഏതുപോലെയാണോ അച്ഛൻ അതുപോലെത്തന്നെയായിരിക്കുമല്ലോ കുട്ടികളും. സ്വയം തന്നെ അറിയുകയാണെങ്കിൽ അച്ഛനെയും അറിയുവാൻ സാധിക്കും. നിങ്ങൾക്കറിയാം പഠിപ്പിക്കുന്നത് ഒരേയൊരു ബാബയാണെന്ന്, പഠിക്കുന്നവർ ധാരാളമുണ്ട്. എങ്ങനെയാണ് ബാബ രാജധാനി സ്ഥാപിക്കുന്നത് എന്നതിനെക്കുറിച്ച് നിങ്ങൾക്കു മാത്രമേ അറിയൂ. ബാക്കി ഈ ശാസ്ത്രങ്ങളെല്ലാം തന്നെ ഭക്തിമാർഗ്ഗത്തിലെ സാമഗ്രികളാണ്. മനസ്സിലാക്കിത്തരുന്നതിനായി എനിക്ക് പറയേണ്ടതായി വരുന്നു. ബാക്കി ഇതിൽ വെറുപ്പിന്റെ കാര്യമൊന്നുമില്ല. ശാസ്ത്രത്തിൽ ബ്രഹ്മാവിന്റെ രാത്രിയും പകലും എന്നു പറയാറുണ്ട് പക്ഷേ ആരും ഇതിനെക്കുറിച്ച് മനസ്സിലാക്കുന്നില്ല. രാത്രിയും പകലും പകുതി-പകുതിയാണ്. ഏണിപ്പടിയിൽ എത്ര സഹജമായാണ് മനസ്സിലാക്കിത്തരുന്നത്.

മനുഷ്യർ മനസ്സിലാക്കുന്നു ഭഗവാൻ വളരെ സമർത്ഥനാണ്, ഭഗവാന് എന്ത് വേണമെങ്കിലും ചെയ്യുവാൻ സാധിക്കും. പക്ഷേ ബാബ പറയുന്നു ഞാനും ഡ്രാമയുടെ ബന്ധനത്തിൽ ബന്ധിക്കപ്പെട്ടിട്ടുണ്ട്. അങ്ങനെയെങ്കിൽ ഭാരതത്തിൽ എത്ര ആപത്തുകളാണ് സംഭവിക്കുന്നത് ഇടയ്ക്കിടെ എനിക്ക് വരാൻ സാധിക്കുമോ? എന്റെ പാർട്ടിനും പരിധിയുണ്ട്. എപ്പോഴാണോ പർണ്ണമായും ദു:ഖമുണ്ടാകുന്നത് അപ്പോഴാണ് ഞാൻ എന്റെതായ സമയത്ത് വരുന്നത്. ഒരു സെക്കന്റിന്റെ പോലും വ്യത്യാസമുണ്ടാകുന്നില്ല. ഡ്രാമയിൽ ഓരോരുത്തർക്കും വളരെ കൃത്യമായ പാർട്ടാണ് അടങ്ങിയിട്ടുള്ളത്. ഇതാണ് ഏറ്റവും ഉയർന്ന അച്ഛന്റെ അവതരണം. പിന്നീട് നമ്പർവൈസായി കുറഞ്ഞ ശക്തിയുള്ളവർ താഴേക്ക് വരുന്നു. നിങ്ങൾ കുട്ടികൾക്ക് ഇപ്പോൾ ബാബയിൽ നിന്നും ജ്ഞാനം ലഭിക്കുന്നു ഇതിലൂടെ നിങ്ങൾ വിശ്വത്തിന്റെ അധികാരികളായിത്തീരുന്നു. നിങ്ങളിൽ ഇപ്പോൾ മുഴുവൻ ശക്തിയും വന്നുചേരുകയാണ്. പുരുഷാർത്ഥം ചെയ്ത് നിങ്ങൾ തമോപ്രധാന അവസ്ഥയിൽ നിന്നും സതോപ്രധാനമായിത്തീരുന്നു. മറ്റുള്ളവർക്കാണെങ്കിൽ പാർട്ട് തന്നെയില്ല. മുഖ്യമായും നിങ്ങൾക്ക് ഡ്രാമയുടെ ജ്ഞാനമാണ് ഇപ്പോൾ ലഭിക്കുന്നത്. ബാക്കി എല്ലാം തന്നെ ഭൗതികമാണ് കാരണം എല്ലാം ഈ കണ്ണുകളിലൂടെ കാണാൻ സാധിക്കുന്നതാണ്. ബാബയാണ് ലോകത്തിലെ മഹാത്ഭുതമായ സ്വർഗ്ഗത്തെ രചിക്കുന്നത്. അതിനെ ഹെവൻ, പാരഡൈസ് എന്നിങ്ങനെ പല പേരുകളിൽ പറയപ്പെടുന്നു. സ്വർഗ്ഗത്തിനും എത്ര മഹിമയാണുള്ളത് ബാബയ്ക്കും ബാബയുടെ രചനയ്ക്കും ധാരാളം മഹിമയുണ്ട്. ഏറ്റവും ഉയർന്നത് ഭഗവാനാണ്. ഏറ്റവും ഉയർന്ന സ്വർഗ്ഗത്തിന്റെ സ്ഥാപന ബാബ എങ്ങനെയാണ് ചെയ്യുന്നത് എന്നതിനെക്കുറിച്ച് ആർക്കും തന്നെ അറിയില്ല. നിങ്ങൾ മധുരമധുരമായ കുട്ടികൾക്കും നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ചാണ് അറിയുന്നത്. അതനുസരിച്ച് പദവിയും നേടുന്നു. ഡ്രാമാ അനുസരിച്ചാണ് എല്ലാവരും പുരുഷാർത്ഥം ചെയ്യുന്നത്. പുരുഷാർത്ഥം കൂടാതെ ആർക്കും ഒന്നും തന്നെ ലഭിക്കുന്നില്ല. കർമ്മം കൂടാതെ ആർക്കും ഒരു സെക്കന്റ് പോലും ഇരിക്കുവാൻ സാധിക്കില്ല. മറ്റുള്ള ഹഠയോഗികൾ പ്രാണായാമം ചെയ്യുന്നു, ജഡം പോലെ ഇരിക്കുന്നു, അവരുടെ മേൽ മണ്ണ് വന്നു മൂടി പുറ്റാകും. ആ മണ്ണിനുമേൽ പിന്നീട് വെള്ളം വീഴുമ്പോൾ അതിൽ നിന്നും പുല്ല് മുളയ്ക്കുന്നു. പക്ഷേ ഇതിലൂടെയൊന്നും പ്രയോജനമില്ല. എത്ര ദിവസം ഇതുപോലെത്തന്നെ ഇരിക്കും? കർമ്മം എന്തായാലും ചെയ്യണമല്ലോ. ആർക്കും കർമ്മ സന്യാസിയായി ത്തീരുവാൻ സാധിക്കില്ലല്ലോ. അവർ കേവലം കഴിക്കാനുള്ള ഭക്ഷണമൊന്നും ഉണ്ടാക്കുന്നില്ല അതുകൊണ്ട് അവരെ കർമ്മസന്യാസിമാരെന്നു പറയുന്നു. ഇതും ഡ്രാമയിലുള്ള അവരുടെ പാർട്ടാണ്. ഈ നിവൃത്തിമാർഗ്ഗത്തിലുള്ളവർ ഇല്ലെങ്കിൽ ഭാരതത്തിന്റെ അവസ്ഥ എന്തായിത്തീരും? ഭാരതം നമ്പർവൺ പവിത്രമായിരുന്നു. ബാബ ആദ്യമാദ്യം പവിത്രതയാണ് സ്ഥാപിക്കുന്നത് അത് പിന്നീട് അരകല്പം നിലനിൽക്കുന്നു. സത്യയുഗത്തിൽ ഒരു ധർമ്മം ഒരു രാജ്യമായിരുന്നു. ഒരേയൊരു ദൈവീക രാജ്യം ഇപ്പോൾ വീണ്ടും സ്ഥാപിക്കുകയാണ്. ഇങ്ങനെയുള്ള നല്ലനല്ല സ്ലോഗനുകൾ ഉണ്ടാക്കി മനുഷ്യരെ ഉണർത്തണം. വീണ്ടും ദൈവീക രാജ്യഭാഗ്യം വന്ന് നേടൂ. ഇപ്പോൾ നിങ്ങൾ എത്ര നല്ല രീതിയിലാണ് മനസ്സിലാക്കുന്നത്. കൃഷ്ണനെ എന്തുകൊണ്ടാണ് ശ്യാമസുന്ദർ എന്നു പറയുന്നത്-ഇതിനെക്കുറിച്ചും ഇപ്പോൾ നിങ്ങൾക്കു മനസ്സിലായി. ഇന്നത്തെക്കാലത്ത് വളരെ പേർ ഇതുപോലെയുള്ള പേരുകൾ വെയ്ക്കുന്നുണ്ട്. കൃഷ്ണനുമായി മത്സരിക്കുന്നു. നിങ്ങൾ കുട്ടികൾക്ക് അറിയാം പതിതരാജാക്കന്മാർ എങ്ങനെ പാവനരാജാക്കന്മാർക്കു മുന്നിൽ തല കുനിക്കുന്നു എന്ന്, പക്ഷേ യാതൊരു അറിവുമില്ലാതെയാണ്. നിങ്ങൾക്കറിയാം ആരാണോ പൂജ്യർ അവർ തന്നെയാണ് പിന്നീട് പൂജാരി അവസ്ഥയിലേക്കും വരുന്നത്. ഇപ്പോൾ നിങ്ങളുടെ ബുദ്ധിയിൽ മുഴുവൻ ചക്രവുമുണ്ട്. ഈ ചക്രം തന്നെ ഓർമ്മിക്കുകയാണെങ്കിൽ അവസ്ഥ നല്ലതായിരിക്കും. പക്ഷേ മായ ഓർമ്മിക്കാൻ അനുവദിക്കില്ല മറപ്പിക്കുന്നു. സദാ ഹർഷിതമുഖ അവസ്ഥയുണ്ടെങ്കിൽ നിങ്ങളെ ദേവതകളെന്നു പറയുന്നു. ലക്ഷ്മിനാരായണന്റെ ചിത്രത്തെ കണ്ട് എല്ലാവരും എത്രയാണ് സന്തോഷിക്കുന്നത്. രാധാ-കൃഷ്ണന്റെ അഥവാ രാമന്റെ

ചിത്രത്തെക്കണ്ട് ഇത്ര സന്തോഷിക്കുന്നില്ല കാരണം ശ്രീകൃഷ്ണനെക്കുറിച്ച് ശാസ്ത്രങ്ങളിൽ ആക്ഷേപത്തിന്റെ കാര്യങ്ങളാണ് എഴുതിയിരിക്കുന്നത്. ഈ ബാബയും ശ്രീനാരായണനായാണല്ലോ മാറുന്നത്. ബാബ ഈ ലക്ഷ്മിനാരായണന്റെ ചിത്രത്തെ കണ്ട് സന്തോഷിക്കാറുണ്ട്. കുട്ടികൾക്കും ഇതുപോലെത്തന്നെ മനസ്സിലാക്കണം, ബാക്കി വളരെ കുറച്ച് സമയം മാത്രമേ നമുക്ക് ഈ പഴയ ശരീരത്തിലിരിക്കേണ്ട ആവശ്യമുള്ളൂ, പിന്നീട് പോയി രാജകുമാരനായിത്തീരുന്നു. ഇതാണ് നമ്മുടെ ലക്ഷ്യം. ഇതും കേവലം നിങ്ങൾക്കേ അറിയൂ. സന്തോഷത്താൽ ഗദ്ഗദം കൊള്ളണം. എത്രത്തോളം പഠിക്കുന്നുവോ അത്രത്തോളം ഉയർന്ന പദവി ലഭിക്കുന്നു. പഠിച്ചില്ലെങ്കിൽ എന്തു പദവിയാണ് ലഭിക്കുക? മഹാരാജാ-റാണി പദവി നോക്കുമ്പോൾ പ്രജയിലെ ജോലിക്കാർ അഥവാ ദാസ-ദാസികൾ എത്ര താഴ്ന്ന പദവിയാണ്. എല്ലാവർക്കുമുള്ള വിഷയം ഒന്നു തന്നെയാണ്. ബാബയ്ക്ക് എത്ര സന്തോഷമുണ്ടായി അള്ളാഹുവിനെ ലഭിച്ചു, ബാക്കി തന്റേതായതെല്ലാം തന്നെ സമർപ്പിച്ചു. എത്ര വലിയ ലോട്ടറിയാണ് ലഭിച്ചത്. ബാക്കി ഇനി എന്തു വേണം! അപ്പോൾ എന്തുകൊണ്ട് കുട്ടികളുടെ ഉള്ളിലും ഇതുപോലെ സന്തോഷമുണ്ടാകുന്നില്ല. അതുകൊണ്ടാണ് ബാബ പറയുന്നത് ഇതുപോലെയുള്ള ട്രാൻസ്ലൈറ്റിന്റെ ചിത്രം എല്ലാവർക്കും വേണ്ടി ഉണ്ടാക്കുകയാണെങ്കിൽ ഇതുകണ്ട് കുട്ടികൾ സന്തോഷിക്കട്ടെ. ശിവബാബ ബ്രഹ്മാവിലൂടെ നമുക്ക് സമ്പത്ത് നൽകുകയാണ്. മനുഷ്യർക്ക് ഇതൊന്നിനെക്കുറിച്ചും അറിയുകയില്ല. തീർത്തും തുച്ഛബുദ്ധികളാണ്. ഇപ്പോൾ നിങ്ങൾ തുച്ഛബുദ്ധികളിൽ നിന്നും സ്വച്ഛബുദ്ധികളായിക്കൊണ്ടിരിക്കുകയാണ്. സർവ്വതും അറിഞ്ഞു കഴിഞ്ഞു, ഇനി മറ്റൊന്നും തന്നെ പഠിക്കേണ്ടതായ ആവശ്യമില്ല. ഈ പഠിപ്പിലൂടെ നിങ്ങൾക്ക് വിശ്വത്തിന്റെ ചക്രവർത്തി പദവിയാണ് ലഭിക്കുന്നത്. അതുകൊണ്ടാണ് ബാബയെ നോളേജ്ഫുൾ എന്നു പറയുന്നത്. മനുഷ്യർ മനസ്സിലാക്കുന്നു ഭഗവാൻ എല്ലാവരുടെയും ഹൃദയത്തെ അറിയുന്നവനാണെന്ന്. പക്ഷേ ബാബ നമുക്ക് ജ്ഞാനമാണ് നൽകുന്നത്. ഏതുകുട്ടികളാണ് നന്നായി പഠിക്കുന്നതെന്ന് ടീച്ചർക്ക് മനസ്സിലാക്കാൻ സാധിക്കുന്നു, ബാക്കി മുഴുവൻ ദിവസത്തിലും കുട്ടികളുടെ ബുദ്ധിയിൽ എന്തെല്ലാമാണ് നടക്കുന്നതെന്ന് ഒരിക്കലും നോക്കുകയില്ല. ഇത് വളരെ അത്ഭുതകരമായ ജ്ഞാനമാണ്. ബാബയെ ജ്ഞാനസാഗരനെന്നും സുഖ-ശാന്തിയുടെ സാഗരനെന്നും പറയുന്നു. നിങ്ങളും ഇപ്പോൾ മാസ്റ്റർ ജ്ഞാനസാഗരനായിത്തീരുന്നു. പിന്നീട് ഈ സ്വമാനം ഇല്ലാതാകുന്നു. സത്യയുഗത്തിൽ നിങ്ങളുടെ മഹിമയാണ് സർവ്വഗുണസമ്പന്നർ, 16കലാ സമ്പൂർണ്ണർ. ഇതാണ് മനുഷ്യകുലത്തിന്റെ ഉയർന്ന പദവി. ഈ സമയത്ത് നിങ്ങൾക്ക് ഈശ്വരീയ പദവിയാണ്. എത്രത്തോളം നല്ലരീതിയിൽ മനസ്സിലാക്കാനും മനസ്സിലാക്കി കൊടുക്കാനുമുള്ള കാര്യങ്ങളാണ്. ലക്ഷ്മിനാരായണന്റെ ചിത്രത്തെ കണ്ട് വളരെയധികം സന്തോഷം ഉണ്ടായിരിക്കണം. നമ്മൾ ഇപ്പോൾ വിശ്വത്തിന്റെ അധികാരിയായിത്തീരുകയാണ്. ജ്ഞാനത്തിലൂടെ മാത്രമാണ് സർവ്വഗുണങ്ങളും വന്നു ചേരുക. തന്റെ ലക്ഷ്യത്തെ കാണുന്നതിലൂടെത്തന്നെയാണ് ഉണർവ്വ് വരുക. അതുകൊണ്ടാണ് ബാബ പറയുന്നത് ഈ ലക്ഷ്മിനാരായണന്റെ ചിത്രം ഓരോരുത്തർക്കും ഉണ്ടായിരിക്കണം. ഈ ചിത്രം ഹൃദയത്തിൽ സ്നേഹം വർദ്ധിപ്പിക്കുന്നു. മനസ്സിൽ തോന്നും-ഇത് മൃത്യുലോകത്തിലെ അന്തിമജന്മമാണ്. പിന്നീട് നമ്മൾ അമരലോകത്തിൽ ഇവർക്ക്(ലക്ഷ്മി നാരായണൻ) സമാനമായിത്തീരുന്നു, നിങ്ങളും അങ്ങിനെത്തന്നെ. അല്ലാതെ ഇതിനർത്ഥം ആത്മാവ് തന്നെയാണ് പരമാത്മാവ് എന്നല്ല. ഈ ജ്ഞാനം എല്ലാം തന്നെ ബുദ്ധിയിലിരിക്കണം. ആർക്കെങ്കിലും മനസ്സിലാക്കി കൊടുക്കുമ്പോൾ പറയൂ, ഒരിക്കലും ഞങ്ങൾ ആരിൽ നിന്നും ഭിക്ഷ ചോദിക്കാറില്ല. പ്രജാപിതാബ്രഹ്മാവിന്റെ കുട്ടികൾ ധാരാളമുണ്ട്. നമ്മൾ, തന്റെ തന്നെ ശരീരം, മനസ്സ്, ധനം ഇവ ഉപയോഗിച്ച് സേവനം ചെയ്യുന്നു. ബ്രാഹ്മണർ തന്റെ സമ്പാദ്യത്തിലൂടെ തന്നെയാണ് യജ്ഞത്തെ മുന്നോട്ടു കൊണ്ടുപോകുന്നത്. ഇതിൽ ഒരിക്കലും ശൂദ്രന്മാരുടെ പൈസ ഉപയോഗിക്കുവാൻ സാധിക്കില്ല. ഇവിടെ ധാരാളം കുട്ടികളുണ്ട് അവർക്കറിയാം എത്രത്തോളം നമ്മൾ ശരീരം മനസ്സ് ധനം ഇവ ഉപയോഗിച്ച് സേവനം ചെയ്യുന്നുവോ, സമർപ്പണമാകുന്നുവോ അത്രത്തോളം ഉയർന്ന പദവിയും ലഭിക്കുന്നു. അറിയാം ബാബ വിത്ത് വിതച്ചു എങ്കിൽ ഞങ്ങൾ ലക്ഷ്മിനാരായണനായിത്തീരും. പൈസ എന്തായാലും നശിക്കാനുള്ളതാണ് അപ്പോൾ എന്തുകൊണ്ട് ഈശ്വരീയ കാര്യത്തിനായി ഉപയോഗിച്ചുകൂടാ. എന്താ സമർപ്പണമായവർ വിശന്ന് മരിക്കുമോ? ബാബ നന്നായി സംരക്ഷിക്കുന്നുണ്ട്. ബ്രഹ്മാബാബയെയും എത്ര നല്ല രീതിയിലാണ് സംരക്ഷിക്കുന്നത്. ബാബ ശിവബാബയുടെ രഥമല്ലേ. മുഴുവൻ ലോകത്തെയും സ്വർഗ്ഗമാക്കി മാറ്റുന്ന ആളാണ്. ബാബ സുന്ദരനായ വഴിയാത്രികനാണ്.

പരമപിതാവായ പരമാത്മാവ് വന്ന് എല്ലാവരെയും സുന്ദരമാക്കി മാറ്റുന്നു. നിങ്ങൾ കറുത്തവരിൽ നിന്നും വെളുത്ത സുന്ദരനായിത്തീരുന്നു. എത്ര സുന്ദരനായ സാജനാണ്. ബാബ വന്ന് എല്ലാവരെയും വെളുത്തതാക്കി (സതോപ്രധാനം) മാറ്റുന്നു. ബാബയുടെ മേൽ സമർപ്പണമായിത്തീരണം. ബാബയെ ഓർമ്മിച്ചുകൊണ്ടിരിക്കണം. എങ്ങനെയാണോ ആത്മാവിനെ കാണാൻ സാധിക്കാത്തത് അനുഭവിക്കാനല്ലേ സാധിക്കൂ, അതേപോലെ പരമാത്മാവിനെയും അനുഭവിച്ചറിയാൻ മാത്രമേ സാധിക്കൂ. ആത്മാവും പരമാത്മാവും കാണാൻ ഒരേപോലെ ബിന്ദുവിനു സമാനമാണ്. ബാക്കി ബാബയിൽ മുഴുവൻ

ജ്ഞാനവുമുണ്ട്. ഇതെല്ലാം തന്നെ വളരെയധികം മനസ്സിലാക്കേണ്ടതായ കാര്യങ്ങളാണ്. കുട്ടികളുടെ ബുദ്ധിയിൽ ഇതെല്ലാം തന്നെ കുറിച്ചു വെക്കണം. ബുദ്ധിയിൽ നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ചാണ് ധാരണയുണ്ടാകുന്നത്. ഡോക്ടർമാർക്ക് മരുന്നുകൾ ഓർമ്മയുണ്ടാകുമല്ലോ. അല്ലാതെ രോഗികൾ വരുന്ന സമയത്ത് പുസ്തകം നോക്കികൊണ്ടിരിക്കില്ല. ഡോക്ടർഭാഗത്തിന്റെയും പോയിന്റുകൾ ഉണ്ടാകും, വക്കീൽഭാഗത്തിന്റെയും പോയിന്റുകളുണ്ടാകും. നിങ്ങൾക്കും ധാരാളം പോയിന്റുകളുണ്ട്, വിഷയങ്ങളുണ്ട്, അതിനുമേൽ നിങ്ങൾ മനസ്സിലാക്കി കൊടുക്കുന്നു. ചില പോയിന്റ് ചിലർക്ക് ഉപയോഗപ്പെടുന്നു, ഏതെങ്കിലും പോയിന്റ് അവർക്ക് അമ്പ് തറക്കുന്നതു പോലെ അനുഭവപ്പെടുന്നു. പോയിന്റുകൾ ധാരാളമുണ്ട്. ആരാണോ നല്ല രീതിയിൽ ധാരണ ചെയ്യുന്നത് അവർ നല്ല രീതിയിൽ സേവനവും ചെയ്യുന്നു. നമ്മൾ അരക്കല്പത്തിലെ മഹാരോഗികളാണ്. ആത്മാവ് ഇത്രയും പതിതമായിരിക്കുകയാണ്, അതിനുവേണ്ടി ഒരേയൊരു അവിനാശി സർജൻ മരുന്ന് നൽകുന്നു. ബാബ സദാ സർജനായിത്തന്നെയിരിക്കുന്നു, ഒരിക്കലും അസുഖം ബാധിക്കുന്നില്ല. മറ്റെല്ലാവർക്കും തന്നെ അസുഖം ബാധിക്കുന്നു. അവിനാശിയായ സർജൻ ഒരേയൊരു തവണയാണ് വന്ന് മന്മനാഭവയുടെ ഇഞ്ചക്ഷൻ നൽകുന്നത്. എത്ര സഹജമാണ്, ചിത്രത്തെ സദാ പോക്കറ്റിൽ വെയ്ക്കൂ. ബാബ നാരായണന്റെ പൂജാരിയായിരുന്നു അപ്പോൾ ലക്ഷ്മിയുടെ ചിത്രത്തെ മാറ്റി ഒറ്റയ്ക്കുള്ള നാരായണന്റെ ചിത്രം മാത്രം വെച്ചു. ഇപ്പോൾ മനസ്സിലായി ആരെയാണോ നാം പൂജിച്ചിരുന്നത് അവരെപ്പോലെയായിത്തീരുകയാണ്. ലക്ഷ്മിയെ മാറ്റിനിർത്തിയാൽ ഉറപ്പാണ് ഞാൻ ലക്ഷ്മിയാകില്ല എന്ന്. ലക്ഷ്മിയിരുന്ന് കാൽ തടവുന്നത് നല്ലതായി തോന്നിയില്ല. അതുകണ്ടാണ് പുരുഷന്മാർ തന്റെ പത്നിയെക്കൊണ്ട് കാൽ തടവിപ്പിക്കുന്നത്. സത്യയുഗത്തിൽ ഒരിക്കലും ഇങ്ങനെയുള്ള കാര്യങ്ങൾ ഉണ്ടാവുകയില്ല. ഈ സമ്പ്രദായം അവിടെ ഉണ്ടാവുകയില്ല. ഇത് രാവണരാജ്യത്തിലെ രീതിയാണ്. വാസ്തവത്തിൽ ഈ ചിത്രത്തിൽ തന്നെ മുഴുവൻ ജ്ഞാനവുമുണ്ട്. മുകളിൽ ത്രിമൂർത്തിയുണ്ട്, ഈ ജ്ഞാനത്തെ മുഴുവൻ ദിവസവും സ്മരിക്കുകയാണെങ്കിൽ വളരെ അത്ഭുതം തോന്നും. ഭാരതം ഇപ്പോൾ സ്വർഗ്ഗമായിത്തീരുകയാണ്. എത്ര നല്ല തിരിച്ചറിവാണ്, മനുഷ്യരുടെ ബുദ്ധിയിൽ എന്താണിരിക്കാത്തത് എന്നറിയില്ല. വളരെ ശക്തമായിത്തന്നെ അഗ്നി ബാധിക്കും, വൈക്കോൽക്കൂനക്ക് തീപിടിക്കും. രാവണരാജ്യം തീർത്തും നശിക്കുക തന്നെ വേണം. യജ്ഞത്തിൽ പവിത്രമായ ബ്രാഹ്മണരാണ് ആവശ്യം. ഇത് വളരെ ഉയർന്ന യജ്ഞമാണ്- മുഴുവൻ വിശ്വത്തിലും പവിത്രത കൊണ്ടുവരണം. മറ്റുള്ള ബ്രാഹ്മണർ ബ്രഹ്മാവിന്റെ സന്താനങ്ങളാണെന്ന് സ്വയം പറയുന്നുണ്ടെങ്കിലും അവർ കുഖവംശാവലികളാണ്. പവിത്രമായ മുഖവംശാവലികളെയാണ് ബ്രഹ്മാവിന്റെ സന്താനങ്ങളെന്നു പറയുന്നത്. അപ്പോൾ അവർക്കും നിങ്ങൾ ഇത് മനസ്സിലാക്കി കൊടുക്കണം. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരിച്ചുകിട്ടിയ മധുരമധുരമായ സന്താനങ്ങൾക്ക് മാതാപിതാവായ ബാപ്ദാദയുടെ സ്നേഹസ്മരണയും നമസ്കാരവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധരണയ്ക്കുള്ള മുഖ്യമായ സാരം -

1. സ്വച്ഛബുദ്ധിയായി ഈ അത്ഭുതകരമായ ജ്ഞാനത്തെ ധാരണ ചെയ്ത് ബാബയ്ക്കു സമാനം മാസ്റ്റർ ജ്ഞാനസാഗരനായിത്തീരണം. ഈ ജ്ഞാനത്തിലൂടെ സർവ്വഗുണങ്ങളെയും സ്വയത്തിൽ ധാരണ ചെയ്യണം.

2. എങ്ങനെയാണോ ബാബ തന്റെ ശരീരം- മനസ്സ്- ധനം സേവനത്തിനായി സമർപ്പണം ചെയ്തത്, ബലിയർപ്പണമായത് അതേ പോലെ ബാബയ്ക്കു സമാനം തന്റെ സർവ്വതും ഈശ്വരീയ സേവനത്തിൽ സഫലമാക്കണം. സദാ റീഫ്രെഷായിരിക്കുന്നതിനായി ലക്ഷ്യത്തിന്റെ ചിത്രത്തെ സദാ കൂടെ വെയ്ക്കണം.

## വരദാനം:- ഏകരസസ്ഥിതിയിലൂടെ സദാ ഒരു ബാബയെ ഫോളോ ചെയ്യുന്ന പ്രസന്നചത്തരായി ഭവിക്കട്ടെ.

താങ്കൾ കുട്ടികളെ സംബന്ധിച്ച് ബ്രഹ്മാബാബയുടെ ജീവിതം ഒരു കൃത്യമായ കമ്പ്യൂട്ടറാണ്. ഇക്കാലത്ത് കമ്പ്യൂട്ടർ മുഖേന ഏത് പ്രശ്നത്തിന്റെയും ഉത്തരം ചോദിക്കാറുണ്ട്. അതേപോലെ മനസ്സിൽ ഏത് പ്രശ്നം വന്നാലും അപ്പോൾ എന്ത്, എന്തുകൊണ്ട്, എങ്ങനെ എന്നതിന് പകരം ബ്രഹ്മാബാബയുടെ ജീവിതമാകുന്ന കമ്പ്യൂട്ടറിൽ നോക്കൂ. അപ്പോൾ എന്ത്, എങ്ങനെ എന്നിവ ''ഇങ്ങനെ'' എന്നതിലേക്ക് പരിവർത്തനപ്പെടും. പ്രശ്നചിത്തരാകുന്നതിന് പകരം പ്രസന്നചിത്തരായി മാറും. പ്രസന്നചിത്ത് അർത്ഥം ഏകരസസ്ഥിതിയിൽ ഒരു ബാബയെ ഫോളോ ചെയ്യുന്നവർ.

**സ്ലോഗൻ:- ആത്മീയശക്തിയുടെ ആധാരത്തിൽ സദാ ആരോഗ്യവാനായി ഇരിക്കുന്നതിന്റെ അനുഭവം ചെയ്യൂ.**

**വിശേഷ സൂചന:-** എല്ലാ ബ്രാഹ്മണരും 2025 ജനുവരി 1 മുതൽ 31 വരെ വിശേഷമായി അന്തർമുഖതയുടെ ഗുഹക്കുള്ളിലിരുന്ന് കൊണ്ട് യോഗതപസ്യ ചെയ്ത് മുഴുവൻ വിശ്വത്തിനും തന്റെ ശക്തിശാലി മനസ്സിലൂടെ സകാശ് കൊടുക്കുന്നതിന്റെ വിശേഷ സേവനം ചെയ്താലും. ഈ ലക്ഷ്യത്തോടെ ഈ മാസത്തെ പത്രപുഷ്പത്തിൽ അവ്യക്തസൂചനകൾ അയച്ചിട്ടുണ്ട്, അത് ജനുവരി മാസം മുഴുവനും മുരളിക്ക് ചുവടെയും കൊടുക്കുന്നുണ്ട്. താങ്കളെല്ലാവരം ഈ പോയന്റിൽ വിശേഷ മനന ചിന്തനം ചെയ്ത് മനസാ സേവനത്തിന്റെ അനുഭവിയാകൂ.

**തന്റെ ശക്തിശാലി മനസ്സിലൂടെ സകാശ് കൊടുക്കുന്നതിന്റെ സേവനം ചെയ്യൂ.**

താങ്കൾ ശാന്തിദൂതരായ കുട്ടികൾ എവിടെയിരുന്ന് കൊണ്ടും, നടക്കുമ്പോഴും കറങ്ങുമ്പോഴും സദാ സ്വയത്തെ ശാന്തിദൂതരെന്ന് മനസ്സിലാക്കി നടക്കൂ. ആര് സ്വയം ശാന്തസ്വരൂപത്തിലും ശക്തിശാലി സ്വരൂപത്തിലും സ്ഥിതി ചെയ്യുന്നുവോ അവർ മറ്റുള്ളവർക്കും ശാന്തിയുടെയും ശക്തിയുടെയും സകാശ് കൊടുത്തുകൊണ്ടിരിക്കും.